ഭരണഭാഷ-മാതൃഭാഷ

നമ്പർ.400333/GGGR12/GPO/2024/727/(1)

ഇട്ടിവ ഗ്രാമ പഞ്ചായത്ത് ആഫീസ്
ഇട്ടിവ
വയ്യാനം.പി.ഓ
കൊല്ലം
Phone No:04742439523
E-mail:ittivagp@yahoo.com

തീയതി : 12/01/2024

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

ബഹുമാനപ്പെട്ട ഇന്റേണൽ വിജിലൻസ് ഓഫീസർ
-2 & കൺവീനർ ഉപജില്ലാ അദാലത്ത് സമിതി -2, കൊല്ലം

സർ,

വിഷയം:- ഇട്ടിവ ഗ്രാമപഞ്ചായത്ത് - ഉപജില്ലാ അദാലത്ത് സമിതി - കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ - റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്

സൂചന:-

1. അങ്ങയുടെ 08/01/2024 തീയതിയിലെ IVO.1-29/CA15/2023 നമ്പർ കത്ത്.
2. ശ്രീ.അനൂപ്.ജെ.എ, അംബിക ഭവൻ, വയല പി.ഒ, അഞ്ചൽ എന്ന വ്യക്തി ബഹു.കേരള മുഖ്യമന്ത്രി മുമ്പാകെ സമർപ്പിച്ച അപേക്ഷ (KLM1222228).
3. കോട്ടുക്കൽ വില്ലേജ് ഓഫീസറുടെ 29/01/2022 തീയതിയിലെ 48/2022 നമ്പർ കത്ത്.
4. 2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 31.

മേൽ സൂചനകളിലേക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ബഹു.കേരള മുഖ്യമന്ത്രിയുടെ നവകേരള സദസ്സുമായി ബന്ധപ്പെട്ട് ലഭിച്ച സൂചന (2) അപേക്ഷ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് സൂചന (1) കത്ത് പ്രകാരം നിർദ്ദേശിച്ചിരുന്നു. ടി അപേക്ഷ പരിശോധിച്ചതിൽ ഇട്ടിവ ഗ്രാമപഞ്ചായത്തിലെ കോട്ടുക്കൽ വില്ലേജിലെ ബ്ലോക്ക് നമ്പർ 44 ലെ 123/6 റീ സർവ്വേ നമ്പരിൽ ഉൾപ്പെട്ട ഒരു ഹെക്ടർ 3 ആർ 23 ചതുരശ്ര മീറ്റർ വസ്തു ജില്ലാ ടൌൺ പ്ലാനറുടെ പ്ലോട്ട് ഡിവിഷൻ അനുമതി കൂടാതെ 20 ൽ അധികം പ്ലോട്ടുകളാക്കി വിഭജിച്ച് വിൽപ്പന നടത്തുകയും ആയത് ശ്രീ.അനൂപ്,അംബിക ഭവൻ ഉൾപ്പെടെയുള്ളവർ വാങ്ങുകയും ചെയ്തതായി സൂചന (3) പ്രകാരം കോട്ടുക്കൽ വില്ലേജ് ഓഫീസർ റിപ്പോർട്ട് നൽകിയിട്ടുണ്ട്. ടി പ്ലോട്ടുകൾ വാങ്ങിയ ചില വ്യക്തികൾ കെട്ടിട നിർമ്മാണാനുമതിയ്ക്കായി ഈ ഓഫീസിൽ അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ 2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 31 പ്രകാരം പ്ലോട്ട് ഡിവിഷൻ അനുമതി ലഭ്യമാക്കാത്ത പ്ലോട്ടായതിനാൽ, അനുമതി ലഭ്യമായ ശേഷം പ്രസ്തുത

അപേക്ഷകൾ പരിഗണിക്കുന്നതിന് അസി.എഞ്ചിനീയർ , എൽ.എസ്.ജി.ഡി റിപ്പോർട്ട് ചെയ്തത് പ്രകാരം അനുമതി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് പ്ലോട്ടുടമയ്ക്ക് കത്ത് നൽകിയെങ്കിലും നടപടികളൊന്നും സ്വീകരിച്ചിരുന്നില്ല. പ്ലോട്ട് ഡിവിഷൻ അനുമതി ലഭ്യമാക്കാത്തതിനാൽ കെട്ടിട നിർമ്മാണാനുമതികൾക്കുള്ള അപേക്ഷകളിൽ മേൽ തുടർനടപടികൾ സ്വീകരിച്ചിരുന്നില്ല. സൂചന 4 ചട്ടങ്ങളിലെ ഖണ്ഡിക 12 പ്രകാരം പാർപ്പിടാവശ്യത്തിനായുള്ള പ്ലോട്ടുകളുടെ എണ്ണം 20 ൽ കവിയുകയോ അല്ലെങ്കിൽ ഭൂമിയുടെ വിസ്തീർണ്ണം 0.5 ഹെക്ടറിൽ കൂടുകയോ ചെയ്താൽ ജില്ലാ ടൌൺ പ്ലാനറുടെ അനുമതി നേടേണ്ടതാണെന്നിരിക്കെ ടി അനുമതി കൂടാതെ ആ പ്ലോട്ടിൽ കെട്ടിട നിർമ്മാണാനുമതി നൽകിയാൽ ചട്ട വിരുദ്ധമാകുമെന്നതിനാലാണ് അപ്രകാരം ചെയ്തത് . മാത്രമല്ല ഈ പ്ലോട്ടിൽ നിന്നും സ്ഥലം വാങ്ങിയ ശ്രീമതി.ഇന്ദിരാമ്മ.എൽ ,ശിവ വിലാസം,കോട്ടുക്കൽ പി.ഒ എന്ന വ്യക്തി കെട്ടിട നിർമ്മാണാനുമതിയ്ക്കായി ഈ ഓഫീസിൽ നൽകിയ അപേക്ഷ നിരസിച്ചതുമായി ബന്ധപ്പെട്ട് ബഹു.ഹൈക്കോടതിയിൽ WP (C) 30906/2021 dtd 30/12/2021 ആയി പെറ്റീഷൻ ഫയൽ ചെയ്തിട്ടുള്ളതും ടി കേസ് ബഹു.ഹൈക്കോടതിയുടെ പരിഗണനയിലുമാണ്. മേൽ വിവരങ്ങൾ അങ്ങയുടെ അറിവിലേയ്ക്കും തുടർനടപടികൾക്കുമായി സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

ITTIVA GRAMA PANCHAYATH PIN-691533 VAYYANAM P.O. KOLLAM

LeenaKumari. K.G
Secretary
Ittiva Grama Panchayat
Vayyanam.P.O, Kollam- 691533
0474 2439523, 9496041833